2025 OCTOBER
04
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ഇന്ത്യയിൽ നിന്ന് യൂറോപ്പിലേക്കുള്ള
# ഡീസൽ കയറ്റുമതി റിക്കാർഡിലേക്ക്

**മുംബൈ:** സെപ്റ്റംബറിൽ യൂറോപ്പിലേക്കുള്ള ഇന്ത്യയുടെ ഡീസൽ കയറ്റുമതി എക്കാലത്തെയും ഉയർന്ന നിലയിൽ എത്തുമെന്ന് ഷിപ്പ്ട്രാക്കർമാരുടെയും വ്യാപാരികളുടെയും കണക്കുകൾ വ്യക്തമാക്കുന്നു. റിഫൈനറികളുടെ അറ്റകുറ്റപ്പണികളുടെ കാലയളവിൽ പാശ്ചാത്യ വിപണികളിലെ ശക്തമായ ലാഭം മുതലെടുത്തതാണ് കയറ്റുമതിയിലെ കുതിച്ചുചാട്ടത്തിനു കാരണം. സെപ്റ്റംബറിൽ ഇന്ത്യയിൽനിന്ന് യൂറോപ്പിലെത്തിയത് 1.3 മില്യൺ മുതൽ 1.4 മില്യൺ ടൺ വരെ (9.7 മില്യൺ മുതൽ 10.4 മില്യൺ വരെ) ഡീസലാണ്. ഈ കണക്കുകൾ എൽഎസ്ഇജി, കെപ്ലർ, മറ്റ് രണ്ടു വ്യാപാരസ്രോതസുകളിൽനിന്നുള്ളതാണ്. 2017ൽ ട്രാക്കിംഗ് ആരംഭിച്ചശേഷം ഇന്ത്യയിൽനിന്ന് യൂറോപ്പിലേക്കുള്ള കയറ്റുമതി ആദ്യമായാണ് ഈ നിലയിലെത്തുന്നത്.



റഷ്യയിൽനിന്നാണ് ക്രൂഡ് ഓയിലിന്റെ മൂന്നിലൊന്നും ഇന്ത്യയിലേക്കു വരുന്നത്. ഇന്ത്യയിലെ റിഫൈനറികൾ, എണ്ണ ഉത്പാദനം വർധിപ്പിക്കുകയും മിച്ച ഉത്പന്നങ്ങൾ വിദേശത്തേക്ക് തിരിച്ചുവിടുകയും ചെയ്യുന്നു. ഗ്യാസോലിൻ, ഡീസൽ കയറ്റുമതി ഒന്നിലധികം വർഷത്തെ ഏറ്റവും ഉയർന്ന നിലയിലെത്തി. കെപ്ലർ ഷിപ്പ് ട്രാക്കിംഗ് ഡാറ്റ പ്രകാരം സെപ്റ്റംബറിലെ മൊത്തം ഡീസൽ കയറ്റുമതി ഏകദേശം മൂന്നു ബില്യൺ ടണ്ണിലെത്തി. ഇത് അഞ്ചു വർഷത്തെ ഏറ്റവും ഉയർന്ന നിരക്കാണ്.ഓഗസ്റ്റിൽ ഒരു മെട്രിക് ടണ്ണിന് 30 ഡോളറായിരുന്നെങ്കിൽ സെപറ്റംബറിൽ 45 ഡോളറായി ഉയരുന്നുവെന്ന് എൽഎസ്ഇജിയുടെ കണക്കുകൾ പറയുന്നു. ഇത് വ്യാപാരികളെ ഉത്പന്നം യൂറോപ്പിലേക്ക് മാറ്റാൻ പ്രേരിപ്പിക്കുന്നു.

## യുപിഐ ഇടപാടുകൾ സൗജന്യമായി തുടരും: ആർബിഐ

**ന്യൂഡൽഹി:** യുപിഐ ഇടപാടുകൾക്ക് ചാർജ് ചുമത്താൻ പോകുന്നു എന്ന അഭ്യൂഹങ്ങൾ തള്ളി റിസർവ് ബാങ്ക്. യുപിഐ ഇടപാടുകൾക്ക് ചാർജ് ചുമത്താൻ നിലവിൽ നിർദേശമൊന്നുമില്ലെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര പറഞ്ഞു.

ഡിജിറ്റൽ പേയ്മെന്റുകൾക്ക് ഭാവിയിൽ ചാർജ് ചുമത്തുമെന്ന അഭ്യൂഹങ്ങൾ തള്ളി, നിലവിലെ നയത്തിനു കീഴിൽ ഉപയോക്താക്കൾക്ക് യുപിഐ സൗജന്യമായി ഉപയോഗിക്കുന്നത് തുടരാമെന്നും അദ്ദേഹം പറഞ്ഞു.

'യുപിഐ എന്നെന്നേക്കുമായി സൗജന്യമായി തുടരുമെന്ന് ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. യുപിഐ ഇടപാടുകളുമായി ബന്ധപ്പെട്ട ചെലവുകൾ ഉണ്ടെന്നാണ് പറഞ്ഞത്, അവയ്ക്ക് ആരെങ്കിലും പണം നൽകേണ്ടതുണ്ട്' മൽഹോത്ര പറഞ്ഞു.




ആർബിഐ കണക്കു പ്രകാരം, 2025 ഓഗസ്റ്റിൽ യുപിഐ ഇടപാടുകൾ 20 ബില്യൺ കവിഞ്ഞു, ഇത് കഴിഞ്ഞ വർഷത്തെ ഇത് മാസത്തെക്കാൾ 34 ശതമാനം വർധനയാണ്. യുപിഐയുടെ സീറോകോസ്റ്റ് ചട്ടക്കൂടിന്റെ സുസ്ഥിരതയെക്കുറിച്ച് ആർബിഐ ഗവർണർ മുൻപ് ആശങ്കകൾ ഉന്നയിച്ചിട്ടുണ്ട്.




## ധാരണാപത്രം ഒപ്പുവച്ചു

**കൊച്ചി:** ഒഡീഷയിലെയും മറ്റ് ഉത്പാദനകേന്ദ്രങ്ങളിലെയും ഗ്രീൻ ഫീൽഡ്, ബ്രൗൺ ഫീൽഡ് പദ്ധതികളിലെ നിക്ഷേപം ത്വരിതപ്പെടുത്തുന്നതിന് ഭക്ഷ്യസംസ്കരണ വ്യവസായ മന്ത്രാലയവുമായി (എംഒഎഫ്പിഐ) നെസ്‌ലെ ഇന്ത്യ ധാരണാപത്രത്തിൽ ഒപ്പുവച്ചു. ന്യൂഡൽഹിയിൽ നടന്ന 2025ലെ വേൾഡ് ഫുഡ് ഇന്ത്യ ഉച്ചകോടിയിലാണു ധാരണാപത്രം ഒപ്പുവച്ചത്. അടുത്ത മൂന്നു വർഷത്തിനകം ഈ രംഗത്തു നടപ്പാക്കുന്ന പദ്ധതിയിലൂടെ നേരിട്ടും പരോക്ഷമായും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുമെന്ന് നെസ്‌ലെ ഇന്ത്യ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മനീഷ് തിവാരി പറഞ്ഞു.




## ടോപ്പ് 100 എക്സ്പാറ്റ് ലീഡേഴ്സ് പട്ടിക; ഒന്നാമനായി എം എ യൂസഫലി

**ദുബായ്:** യുഎഇയെ ഗ്ലോബൽ പവർ ഹൗസാക്കി മാറ്റിയ ലീഡേഴ്സ് എന്ന വിശേഷണത്തോടെയുള്ള 'ടോപ്പ് 100 എക്സ്പാറ്റ് ലീഡേഴ്സ്' പട്ടികയിൽ ഒന്നാമനായി ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലി. പ്രമുഖ സാമ്പത്തിക പ്രസിദ്ധീകരണമായ ഫിനാൻസ് വേൾഡാണ് പട്ടിക പുറത്തിറക്കിയത്. യു.എ.ഇ.യിൽ നൂതനമായ റീട്ടെയിൽ വൈവിധ്യവത്ക്കരണമാണ് യൂസഫലി യാഥാർത്ഥ്യമാക്കിയതെന്ന് യാഥാർത്ഥ്യമാക്കിയതെന്ന് ഫിനാൻസ് വേൾഡ് വിലയിരുത്തി. ഉൽപ്പന്നങ്ങൾക്ക് ഉറപ്പാക്കിയ വിലസ്ഥിരതാ നയങ്ങൾ, ഉപഭോക്തൃസേവനങ്ങൾ, അടിസ്ഥാന സൗകര്യം, സുസ്ഥിരത പദ്ധതികൾ, ഡിജിറ്റൽവത്കരണം, വ്യാപാര വിപുലീകരണം എന്നിവ ഏറ്റവും മികച്ചതെന്ന് ഫിനാൻസ് വേൾഡ് അഭിപ്രായപ്പെട്ടു. യു.എ.ഇ. ഭരണാധികാരികളുമായി അടുത്ത ആത്മബന്ധം പുലർത്തുന്ന യൂസഫലിയുടെ മാനുഷിക ഇടപെടലുകൾ, സാമൂഹിക പ്രതിബദ്ധതയോടു കൂടിയ പ്രവർത്തനങ്ങൾ, സാമൂഹിക ഉന്നമന ശ്രമങ്ങൾ, യുഎഇയുടെ ആരോഗ്യവിദ്യാഭ്യാസ മേഖലയ്ക്ക് നൽകിവരുന്ന പിന്തുണ എന്നിവ കൂടി വിലയിരുത്തിയാണ് റാങ്കിങ്. ഭാട്ടിയ ഗ്രൂപ്പ് ചെയർമാൻ അജയ് ഭാട്ടിയയാണ് പട്ടികയിൽ രണ്ടാമത്. അദ്ദേഹം സ്ഥാപിച്ച എസ്.ഒ.എൽ പ്രോപ്പർട്ടീസ് ഇന്ന് ദുബായിലെ ഏറ്റവും വിശ്വസ്യതയുള്ള ഡെവലപ്പേഴ്സ് ആണെന്ന് ഫിനാൻസ് വേൾഡ് അഭിപ്രായപ്പെട്ടു. അൽ ആദിൽ ട്രേഡിങ് ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ ധനഞ്ജയ് ദാതാറാണ് മൂന്നാമത്. ഇന്ത്യൻ സുഗന്ധവ്യഞ്ജനങ്ങളുടെ മേന്മ യുഎഇയിൽ പരിചയപ്പെടുത്തുന്നതിൽ നിർണായക പങ്കാണ് ദാതാർ വഹിച്ചത്. ഗസ്സാൻ അബൗദ് ഗ്രൂപ്പ് സ്ഥാപകനായ സിറിയൻ പൗരനായ ഗാസ്സാൻ അബൗദ് , ജാക്കിസ് ഗ്രൂപ്പ് ചെയർമാൻ ജാക്കി പഞ്ചാബി, ജോയ് ആലുക്കാസ്, തുംബെ ഹോസ്പിറ്റൽസ് സ്ഥാപകൻ തുംബെ മൊയ്തീൻ, ചോയിത്ത് റാം ഗ്രൂപ്പ് ചെയർമാൻ എൽ. ടി പഗറാണി, ചലൂബ് ഗ്രൂപ്പ് എക്സിക്യൂട്ടീവ് ചെയർമാൻ പാട്രിക് ചലൂബ്, ഗ്ലോബൽ ഷിപ്പിങ് & ലോജിസ്റ്റിക്സ് കമ്പനിയായ ട്രാൻസ് വേൾഡിൻറെ ചെയർമാൻ രമേശ് എസ് രാമകൃഷ്ണൻ തുടങ്ങിയവരാണ് പട്ടികയിലെ ആദ്യ പത്തിൽ ഇടംപിടിച്ചവർ. ലാൻഡ് മാർക്ക് ഗ്രൂപ്പ് ചെയർപേഴ്സൺ രേണുക ജഗ്തിയാനിയാണ് പട്ടികയിൽ മുൻനിരയിലുള്ള വനിത. ജംബോ ഗ്രൂപ്പിന്റെ വിദ്യാ ചാബ്രിയ, സുലേഖാ ആശുപത്രി സ്ഥാപക ഡോ: സുലേഖ ദൗഡ് എന്നിവരും പട്ടികയിലുണ്ട്



ബുർജീൽ ഹോൾഡിംഗ് സ്ഥാപകൻ ഡോ. ഷംഷീർ വയലിൽ, ലുലു ഫിനാഷ്യൽ ഹോൾഡിംഗ്സ് മാനേജിംഗ് ഡയറക്ടർ അദീബ് അഹമ്മദ്, മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് മാനേജിംഗ് ഡയറക്ടർ ഷംലാൽ അഹമ്മദ്, ജെംസ് എജ്യുക്കേഷൻ മേധാവി സണ്ണി വർക്കി തുടങ്ങിയവരാണ് പട്ടികയിൽ ഇടംനേടിയ മറ്റ് മലയാളികൾ.

## ഒപ്പോ റെനോ14 ഫൈവ് ജി ദീപാവലി എഡിഷൻ വിപണിയിൽ

**കൊച്ചി:** റെനോ 14 ഫൈവ് ജി ദീപാവലി എഡിഷൻ വിപണിയിലിറക്കി. സവിശേഷ രൂപകല്പനകളുമായി പുറത്തിറക്കിയ ഈ മോഡലിൽ ഹീറ്റ് സെൻസിറ്റീവ് നിറംമാറ്റ സാങ്കേതിക സംവിധാനവുമുണ്ട്. ദീപാവലി പ്രമാണിച്ച് ഇന്ത്യയിൽ മാത്രമായാണു ഈ മോഡൽ പുറത്തിറക്കുന്നത്.




എയ്റോസ്പേസ്ഗ്രേയ്ഡ് അലൂമിനിയം ഫ്രെയിം, കോർണിംഗ് ഗൊറില്ല ഗ്ലാസ് 7 ഐ, ഓൾറൗണ്ട് ആർമർ ആർക്കിടെക്ചർ, സ്പോഞ്ച് ബയോണിക് കുഷ്യനിംഗ്, 50 എംപി മെയിൻ സെൻസർ, 50എംപി ടെലിഫോട്ടൊ, 8എംപി അൾട്രാ വൈഡ്, 50 എംപി സെൽഫി എന്നിവയും ഫോണിന്റെ പ്രത്യേകതകളാണ്.

8 ജിബി256 ജിബി ഫോണിന് 39,999 രൂപയാണു വില. ദീപാവലി ഓഫറുകളുടെ ഭാഗമായി 36,999 രൂപയ്ക്ക് റീട്ടെയിൽ സ്റ്റോറുകളിലും ഒപ്പോ ഇസ്റ്റോറിലും ഫ്ളിപ്കാർട്ടിലും ആമസോണിലും ലഭിക്കും.

# സ്പാനിഷ് താരം കോൾഡോ ഒബിയേറ്റ കേരളാ ബ്ലാസ്റ്റേഴ്സിൽ



**കൊച്ചി:** പുതിയ സീസണ് മുന്നോടിയായി സ്പാനിഷ് സെന്റർ ഫോർവേഡ് താരമായ കോൾഡോ ഒബിയേറ്റയുമായി ഒരു വർഷത്തെ കരാർ ഒപ്പുവെച്ച് കേരളാ ബ്ലാസ്റ്റേഴ്സ് എഫ് സി. സ്പാനിഷ് ലീഗുകളിലെ തന്റെ ഗോളടി മികവും വർഷങ്ങളുടെ പ്രൊഫഷണൽ പരിചയസമ്പത്തും ഉള്ള കോൾഡോ ബ്ലാസ്റ്റേഴ്സിന്റെ മുന്നേറ്റനിരയിൽ മുതൽക്കൂട്ടാകും. 31 കാരനായ കോൾഡോ, സ്പാനിഷ് ക്ലബ്ബായ റിയൽ യൂണിയനിൽ നിന്നാണ് കേരളത്തിലേക്ക് എത്തുന്നത്. ഈ സീസണിലെ ബ്ലാസ്റ്റേഴ്സിന്റെ ആദ്യ വിദേശ സൈനിംഗ് കൂടിയാണിത്. ബാസ്ക് കൺട്രിയിലെ ജെർണിക്കയിൽ ജനിച്ച കോൾഡോ, തന്റെ ഹോംടൗൺ ക്ലബ്ബായ ജേർണികയിൽ നിന്നാണ് ഫുട്ബോൾ കരിയർ ആരംഭിച്ചത്. 2012ൽ സീനിയർ അരങ്ങേറ്റം കുറിച്ച അദ്ദേഹം പിന്നീട് സമുദിയോ, എസ്.ഡി. അമോറെബിയെറ്റ, സി.ഡി. ടുഡെലാനോ, എ.ഡി. അൽകോർക്കോൺ എന്നിവയുൾപ്പെടെ നിരവധി സ്പാനിഷ് ക്ലബ്ബുകൾക്കായി കളിച്ചിട്ടുണ്ട്. ആറടി ഉയരമുള്ള കോൾഡോ, ബോക്സിനുള്ളിലെ കരുത്തിനും കൃത്യമായ പൊസിഷനിംഗിനും പേരുകേട്ട താരമാണ്. എയറിൽ പന്ത് സ്വീകരിക്കാനുള്ള അസാമാന്യമായ കഴിവും കൗണ്ടർ അറ്റാക്കുകളിലെ ഫിനിഷിംഗ് മികവും കേരള ബ്ലാസ്റ്റേഴ്സിന്റെ ആക്രമണത്തിന് പുതിയ ഊർജ്ജം പകരും. പ്രധാനമായും മുന്നേറ്റനിരയിൽ കളിക്കുന്ന താരം, സമീപ വർഷങ്ങളിൽ വിവിധ ഫോർവേഡ് റോളുകളിലേക്ക് മാറിയും തന്റെ കഴിവ് പ്രകടിപ്പിച്ചിട്ടുണ്ട്. സ്പാനിഷ് ക്ലബ്ബുകളിൽ കളിച്ച് പരിചയമുള്ള ഒരു മികച്ച ഫോർവേഡ് പ്ലെയറാണ് കോൾഡോ. ടീമിന്റെ അറ്റാക്ക് നിരയ്ക്ക് അദ്ദേഹത്തിന്റെ കഴിവുകൾ കൂടുതൽ കരുത്ത് നൽകുമെന്നാണ് വിശ്വസിക്കുന്നതെന്ന് സ്പോർട്ടിംഗ് ഡയറക്ടർ കരോലിസ് സ്കിൻകിസ് പറഞ്ഞു. ബ്ലാസ്റ്റേഴ്സിന്റെ കുടുംബത്തിന്റെ ഭാഗമായതിൽ എനിക്ക് അതിയായ അഭിമാനമുണ്ടെന്നും കളിക്കളത്തിൽ ഇറങ്ങാനും എന്റെ ഏറ്റവും മികച്ച പ്രകടനം നൽകാനും ഞാൻ കാത്തിരിക്കുകയാണെന്നും കോൾഡോ ഒബിയേറ്റ പറഞ്ഞു. കേരള ബ്ലാസ്റ്റേഴ്സിന്റെ പ്രീ സീസൺ ക്യാമ്പ് ഈ മാസം 7 ന് ഗോവയിൽ ആരംഭിക്കുന്നതോടെ കോൾഡോയും ടീമിനൊപ്പം ചേരും. അദ്ദേഹത്തെ കൂടാതെ, ഈ സീസണിൽ പുതുതായി കരാറിലെത്തിയ മറ്റു താരങ്ങളും ഗോവയിൽ ടീമിനൊപ്പം പരിശീലനം ആരംഭിക്കും.



# പുരുഷ ബ്ലൈൻഡ് ഫുട്ബോൾ നേഷൻസ് കപ്പ്: ഇംഗ്ലണ്ടിന് കിരീടം

**കൊച്ചി:** കാക്കനാട് യുണൈറ്റഡ് സ്പോർട്സ് സെന്ററിൽ നടന്ന ഐബിഎസ്എ പുരുഷ ബ്ലൈൻഡ് ഫുട്ബോൾ നേഷൻസ് കപ്പ് ഫൈനലിൽ ഇംഗ്ലണ്ട് ജേതാക്കൾ. ഫൈനലിലെ ആവേശകരമായ മത്സരത്തിൽ ഇംഗ്ലണ്ട് എതിരില്ലാത്ത ഒരു ഗോളിന് ഇറാനെ തോൽപിച്ചാണ് ജേതാക്കളായത്. കളി അവസാനിക്കാൻ സെക്കൻഡുകൾ ബാക്കി നിൽക്കെയാണ് ഇംഗ്ലണ്ട് വിജയ ഗോൾ നേടിയത്. ഇന്ത്യയെ (3-1) എന്ന സ്കോറിന് പരാജയപ്പെടുത്തി ഇറ്റലി മൂന്നാം സ്ഥാനം കരസ്ഥമാക്കി.

മത്സരത്തിൽ ഇംഗ്ലണ്ടിന്റെ ഡിലൻ മാൽപാസ് മികച്ച ഗോൾ കീപ്പർ, അംജദ് ഈസ പ്ലെയർ ഓഫ് ദി ടൂർണമെന്റ്, ഇറ്റലിയുടെ പോൾ അയിബൊ ടോപ് സ്കോറർ എന്നീ ബഹുമതികൾ നേടി. ഇംഗ്ലണ്ട്, ഇറാൻ, ഇറ്റലി, ഇന്ത്യ, പോളണ്ട്, കൊറിയ എന്നീ ടീമുകളാണ് ടൂർണമെന്റിൽ പങ്കെടുത്തത്. ടീമുകൾ ഇന്ന് നാട്ടിലേക്ക് മടങ്ങും.വനിതാ വേൾഡ് കപ്പ് ടീമുകൾ ഇന്ന് ഇന്ത്യയിലെത്തും. ഒക്ടോബർ 5 മുതൽ ഇതേ സ്റ്റേഡിയത്തിലാണ് വനിതകളുടെ ബ്ലൈൻഡ് ഫുട്ബോൾ വേൾഡ് കപ്പ് ആരംഭിക്കുന്നത്.



# പ്രാർത്ഥനായജ്ഞവും ശാന്തിയാത്രയും നടത്തി ആൽഫ പാലിയേറ്റീവ് കെയർ

**തൃശൂർ:** ലോകത്ത് പടരുന്ന യുദ്ധങ്ങളും അശാന്തിയും അതു നൽകുന്ന വിവരണാതീതമായ ദുരിതങ്ങളും കണക്കിലെടുത്ത് പ്രമുഖ പാലിയേറ്റീവ് കെയർ ശൃംഖലയായ ആൽഫ പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ തൃശൂർ നഗരത്തിൽ പ്രാർത്ഥനായജ്ഞവും ശാന്തിയാത്രയും സംഘടിപ്പിച്ചു. മുന്നൂറ്റമ്പതോളം വരുന്ന ആൽഫയുടെ വിവിധ സെന്ററുകളിലെ സന്നദ്ധപ്രവർത്തകർ തൃശൂർ തെക്കേ ഗോപുരനടയിലാണ് പ്രാർത്ഥനായജ്ഞം നടത്തിയത്. തുടർന്ന് 10 മണിക്ക് ആരംഭിച്ച ശാന്തിയാത്ര സ്വരാജ് റൗണ്ട് ചുറ്റി തൃശൂർ സാഹിത്യ അക്കാദമിയിൽ സമാപിച്ചു. ആൽഫ പാലിയേറ്റീവ് കെയർ ചെയർമാൻ കെ.എം. നൂർദീൻ ഗാന്ധിജയന്തി ദിനാചരണ സന്ദേശം നൽകി. കമ്യൂണിറ്റി ഡയറക്ടർ സുരേഷ് ശ്രീധരൻ, പ്രോഗ്രാം കൺവീനർമാരായ തോമസ് തോലത്ത്, കെ.എ.കദീജാബി, വി.ജെ. തോംസൺ, മെഡിക്കൽ ഡയറക്ടർ ഡോ. ജോസ് ബാബു, അഡ്മിനിസ്ട്രേഷൻ മാനേജർ സന്ധ്യ സുജിത്ത്, പി.ആർ.ഒ. താഹിറ മുജീബ്, വിവിധ ലിങ്ക് സെന്റർ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# സുഭാഷ് ബോസ് പാർക്കിൽ ഇന്ററാക്റ്റീവ് പ്ലേ ഏരിയയം ഓപ്പൺ ജിമ്മും

**കൊച്ചി:** സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ സഹകരണത്തോടെ സുഭാഷ് ബോസ് പാർക്കിൽ കുട്ടികൾക്കായുള്ള പുതിയ ഇന്ററാക്റ്റീവ് പ്ലേ ഏരിയ യും ഓപ്പൺ ജിംനേഷ്യവും തയ്യാറാക്കുന്നു. രണ്ടര കോടി രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സുഭാഷ് ബോസ് പാർക്കിൽ മിനി കഫെറ്റീരിയ, ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റ് സംവിധാനം, ഫീഡിങ് റൂം, റീഡിങ് റൂം എന്നിവ ഉൾപ്പെടുത്തി പുതുതായി ഒരു ടോയ്‌ലറ്റ് കോംപ്ലക്സും ടോയ്‌ലറ്റിൽ പ്രതിദിനം ഉൽപ്പാദിപ്പിക്കുന്ന മലിനജലം ശുദ്ധീകരിച്ച് പുനരുപയോഗിക്കാൻ സാധിക്കുന്ന ഒരു പ്രകൃതി അധിഷ്ഠിത മലിനജല സംസ്കരണ സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് കൊച്ചി റിഫൈനറിയുടെ സാമ്പത്തിക സഹായത്തോടെ മുപ്പത്തിയഞ്ച് ലക്ഷം രൂപ ചിലവഴിച്ചാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

ടോയ്‌ലറ്റ് കോംപ്ലക്സിന്റെ ഉദ്ഘാടനവും ഇന്ററാക്റ്റീവ് പ്ലേ ഏരിയ യുടെയും ഓപ്പൺ ജിംനേഷ്യത്തിന്റെയും നിർമ്മാണ ഉദ്ഘാടനവും ഇന്ന് രാവിലെ 10 ന് സുഭാഷ് ബോസ് പാർക്കിൽ മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിക്കും.

# ക്ഷേമനിധി ബോർഡിലൂടെ സർക്കാർ വിതരണം ചെയ്തത് 347 കോടി രൂപയുടെ ആനുകൂല്യങ്ങൾ: മന്ത്രി വി ശിവൻകുട്ടി

**തിരുവനന്തപുരം:** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാത്രം 84,203 പേർക്ക് 347 കോടിയിലധികം രൂപയുടെ ആനുകൂല്യങ്ങൾ ക്ഷേമനിധി ബോർഡിലൂടെ നൽകിയതായി തൊഴിൽ വകുപ്പ് മന്ത്രി വി ശിവൻകുട്ടി പറഞ്ഞു. മോട്ടോർ വാഹന ക്ഷേമ നിധി ബോർഡിന്റെ കുടിശ്ശിക നിവാരണ ക്യാമ്പുകളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ശിക്ഷക് സദനിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. ഈ സാമ്പത്തിക വർഷത്തിലെ ആദ്യ അഞ്ചു മാസങ്ങളിലായി 41,990 ആളുകൾ പുതുതായി അംഗത്വമെടുത്തത് പദ്ധതിയുടെ സ്വീകരണശേഷിയും കാര്യക്ഷമതയും തെളിയിക്കുന്നു.

മോട്ടോർ തൊഴിലാളികളുടെ അവകാശങ്ങളും ക്ഷേമവും ഉറപ്പാക്കുന്നതിനുള്ള ചരിത്രപ്രാധാന്യമുള്ള പദ്ധതി കേരള സർക്കാർ 1985ൽ ആരംഭിച്ചു. പിന്നീട് 2005ൽ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേമനിധി വികസിപ്പിച്ചു കൊണ്ടു വന്നപ്പോൾ, ഇന്ന് 12 ലക്ഷത്തിലധികം തൊഴിലാളികളും 15 ലക്ഷത്തിലധികം വാഹനങ്ങളും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് നിൽക്കുന്നു എന്നത് വലിയ സന്തോഷകരമാണ്. തൊഴിലാളികളുടെ ജീവിതത്തിലും കുടുംബങ്ങളുടെ ഭദ്രതയിലും വലിയ മാറ്റം വരുത്തിക്കൊണ്ട് ക്ഷേമനിധി ബോർഡ് മികച്ച രീതിയിൽ ആനുകൂല്യങ്ങൾ വിതരണം ചെയ്തു വരുന്നു.

പെൻഷൻ, കുടുംബപെൻഷൻ, ചികിത്സാധനസഹായം, മരണാനന്തര സ്കോളർഷിപ്പ്, വിവാഹധനസഹായം, ശവസംസ്കാര ധനസഹായം, വിദേശത്തുനിന്നു മടങ്ങിയവർക്ക് സഹായം തുടങ്ങി തൊഴിലാളികളുടെ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും സുരക്ഷിതത്വം നൽകുന്ന പദ്ധതികളാണ് ക്ഷേമബോർഡ് നടപ്പിലാക്കുന്നത്. കഴിഞ്ഞ ഏതാനും മാസങ്ങളിൽ ബോർഡിന്റെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ നിരവധി നടപടികളാണ് സർക്കാരിന്റെ നിർദ്ദേശപ്രകാരം മുന്നോട്ടു കൊണ്ടുപോയത്. പെൻഡിംഗ് ഫയലുകൾ തീർപ്പാക്കലിനായി പ്രത്യേക പദ്ധതി നടപ്പിലാക്കി. അവധി ദിവസങ്ങളിലുൾപ്പെടെ ഓഫീസുകൾ തുറന്ന് 5858 ഫയലുകൾ തീർപ്പാക്കി 37 കോടി രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു. സ്കൂളുകൾ തുറക്കുന്നതിനുമുമ്പ് തന്നെ കുട്ടികൾക്ക് സ്കൂൾ കിറ്റുകൾ നൽകി. ഇപ്പോഴും പല തൊഴിലാളികളും കുടിശ്ശികക്കാരായി രിക്കുന്ന സാഹചര്യമുണ്ട്. അവബോധത്തിന്റെ കുറവും വിവരങ്ങളുടെ അഭാവവുമാണ് ഇതിന് കാരണം. ഈ കുറവ് പരിഹരിക്കാനാണ് 2025 ഒക്ടോബർ 3 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ സംസ്ഥാനത്തുടനീളം 200 കുടിശ്ശിക നിവാരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ഈ ക്യാമ്പുകളുടെ സന്ദേശം തൊഴിലാളികളിലെത്തിക്കുന്നതിനായി കഴിഞ്ഞ ഒരു മാസക്കാലമായി സംസ്ഥാനവ്യാപകമായി പ്രചരണ പരിപാടിയും ട്രേഡ് യൂണിയനുകളുടെ സഹകരണത്തോടെ നടത്തി.

മാതൃകാ പ്രവർത്തനം നടത്തിയ കടക്കലിലെ ഓട്ടോറിക്ഷ ഡ്രൈവർ ലാലു ടി, ക്ഷേമനിധി ബോർഡ് ജീവനക്കാരി രേഖയുടെ മകൾ സന്ധ്യ എന്നിവരെ ചടങ്ങിൽ ആദരിച്ചു. മോട്ടോർ തൊഴിലാളികളുടെ മക്കളിൽ കലാകായിക മൽസരങ്ങളിൽ വിജയികളായവർക്കുള്ള അവാർഡ് ദാനവും ചടങ്ങിൽ നടന്നു. ആന്റണി രാജു എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ സി കെ ഹരികൃഷ്ണൻ സ്വാഗതമാശംസിച്ചു. ബോർഡംഗങ്ങൾ, വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.സി ഇ ഒ പി ആർ ശങ്കർ നന്ദി അറിയിച്ചു.




# എക്കോ

കിഷ്കിന്ധാകാണ്ഡം എന്ന മിസ്റ്ററി ത്രില്ലർ ചിത്രത്തിനു ശേഷം സംവിധായകൻ ദിൻജിത് അയ്യത്താൻ, തിരക്കഥാകൃത്ത് ബാഹുൽ രമേശ് എന്നിവർ ഒന്നിക്കുന്ന എക്കോ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടൈറ്റിൽ പോസ്റ്റർ റിലീസായി.

പടക്കളം,ആലപ്പുഴ ജീംഖാന, ഫാമിലി എന്നീ ചിത്രങ്ങളിലൂടെ ശ്രദ്ധേയനായ സന്ദീപ് പ്രദീപ് നായകനാവുന്ന ഈ ചിത്രത്തിൽ സൗരബ് സച്ച്ദേവ്, നരേൻ, വിനീത്, അശോകൻ, ബിനു പപ്പു, രഞ്ജിത്ത് ശേഖർ, സഹീർ മുഹമ്മദ്, ബിയാനാ മോമിൻ തുടങ്ങിയ പ്രമുഖരും അഭിനയിക്കുന്നു. ദിൻജിത് അയ്യത്താൻ സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം ബാഹുൽ രമേശൻ തന്നെ നിർവ്വഹിക്കുന്നു. ആരാധ്യാ സ്റ്റുഡിയോസിന്റെ ബാനറിൽ എംആർകെ ജയറാം നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ കഥ, തിരക്കഥ, സംഭാഷണം ബാഹുൽ രമേശൻ എഴുതുന്നു. സംഗീതം മുജീബ് മജീദ്, എഡിറ്റിങ് സൂരജ് ഇ എസ്, പ്രൊഡക്ഷൻ കൺട്രോളർ ഷാഫി ചെമ്മാട്, കല സംവിധാനം സജീഷ് താമരശ്ശേരി, മേക്കപ്പ് റഷീദ് അഹമ്മദ്, കോസ്റ്റ്യൂംസ് സുജിത്ത് സുധാകരൻ, ഓഡിയോ ഗ്രാഫി വിഷ്ണു ഗോവിന്ദ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ സാഗർ, പ്രൊജക്ട് ഡിസൈനർ സന്ദീപ് ശശിധരൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ജിതേഷ് അഞ്ചുമന, സ്റ്റിൽസ് റിൻസൻ എം ബി, ഡിസൈൻ യെല്ലോടൂത്ത്, വിതരണം ഐക്കൺ സിനിമാസ്, പി ആർ ഒഎ എസ് ദിനേശ്.





# തിയേറ്റർ: ദി മിത്ത് ഓഫ് റിയാലിറ്റി അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ

അഞ്ജന ടാക്കീസ് ന്റെ ബാനറിൽ അഞ്ജന ഫിലിപ്പ് നിർമിച്ച് സജിൻ ബാബു സംവിധാനം ചെയ്യുന്ന തിയേറ്റർ: ദി മിത്ത് ഓഫ് റിയാലിറ്റി ഒക്ടോബർ 7ന് IX യാൾട്ട അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ, യൂറേഷ്യൻ ബ്രിഡ്ജ് ഇന്റർനാഷണൽ കോമ്പറ്റീഷൻ വിഭാഗത്തിൽ ലോക പ്രീമിയർ ചെയ്യാനൊരുങ്ങുന്നു. ഈ മത്സര വിഭാഗത്തിൽ തിരഞ്ഞെടുക്കപ്പെട്ട എട്ട് സിനിമകളിൽ ഒന്നാണ് തിയേറ്റർ: ദി മിത്ത് ഓഫ് റിയാലിറ്റി. റിമ കല്ലിങ്കൽ കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ചിത്രം ആഗോള ചലച്ചിത്രമേള സർക്യൂട്ടുകളിൽ ഇതിനോടകം തന്നെ ചിത്രം ശ്രദ്ധനേടിക്കഴിഞ്ഞു. കാൻ ചലച്ചിത്ര മേളയിൽ വെച്ച് ചിത്രത്തിന്റെ ട്രെയിലർ ഔദ്യോഗികമായി പുറത്തിറക്കിയിരുന്നു. കൂടാതെ റഷ്യയിലെ കസാൻ ചലച്ചിത്രമേളയിലും ചിത്രം പ്രദർശനത്തിന് ഒരുങ്ങുകയാണ്. ബിരിയാണി എന്ന ചിത്രത്തിന് ശേഷം സജിൻ ബാബുവാണ് സംവിധാനം. സഹ നിർമാണം സന്തോഷ് കോട്ടായി.

തിയേറ്റർ: ദി മിത്ത് ഓഫ് റിയാലിറ്റി റിലീസിന് മുമ്പ് തന്നെ നിരവധി അംഗീകാരങ്ങൾ നേടിയിരുന്നു. 48ാമത് കേരള ഫിലിം ക്രിട്ടിക്സ് അവാർഡിൽ മികച്ച നടിക്കുള്ള പുരസ്കാരവും പ്രത്യേക ജൂറി പുരസ്കാരവും ചിത്രം സ്വന്തമാക്കി. ടൈം അന്താരാഷ്ട്ര ചലച്ചിത്ര മേള, സിനിവി-സിഎച്ച്ഡി അന്താരാഷ്ട്ര ചലച്ചിത്ര മേള തുടങ്ങിയ മേളകളിലേക്കും ചിത്രം ഔദ്യോഗികമായി തിരഞ്ഞെടുക്കപ്പെട്ടു. ഒക്ടോബർ 16ന് തിയേറ്റർ പ്രദർശനത്തിനെത്തും.

പി ആർ ഒഎ എസ് ദിനേശ്.




# പ്രൈവറ്റ്

ഇന്ദ്രൻസ്, മീനാക്ഷി അനൂപ്, അന്നു ആന്റണി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ ദീപക് ഡിയോൺ രചനയും സംവിധാനവും നിർവ്വഹിക്കുന്ന പ്രൈവറ്റ് ഒക്ടോബർ പത്തിന് പ്രദർശനത്തിനെത്തുന്നു. ലെറ്റ്സ് ഗോ ഫോർ എ വാക്ക് എന്ന ടാഗ്ലൈനിൽ അവതരിപ്പിക്കുന്ന ഈ ചിത്രം, സി ഫാക്ടർ ദ എന്റർടെയ്ൻമെന്റ് കമ്പനിയുടെ ബാനറിൽ വി കെ ഷബീർ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ സംഗീതവും പശ്ചാത്തല സംഗീതവും നവാഗതനായ അശ്വിൻ സത്യ നിർവ്വഹിക്കുന്നു. ഛായാഗ്രഹണം ഫൈസൽ അലി, ലൈൻ പ്രൊഡ്യൂസർ തജു സജീദ്, എഡിറ്റർ ജയകൃഷ്ണൻ, വസ്ത്രാലങ്കാരം സരിത സുഗീത്, മേക്കപ്പ് ജയൻ പൂങ്കുളം, ആർട്ട് മുരളി ബേപ്പൂർ, പ്രൊഡക്ഷൻ ഡിസൈൻ സുരേഷ് ഭാസ്കർ, സൗണ്ട് ഡിസൈൻ അജയൻ അടാട്ട്, സൗണ്ട് മിക്സിംഗ് പ്രമോദ് തോമസ്, പ്രൊഡക്ഷൻ കൺട്രോളർ നിജിൽ ദിവാകരൻ സ്റ്റിൽസ് അജി കൊളോണിയ, പി ആർ ഒഎ എസ് ദിനേശ്.



# മണപ്പുറം ഫൗണ്ടേഷന്റെ ഡിജിറ്റൽ ഡിമെൻഷ്യ ബോധവൽക്കരണ പരിപാടിക്ക് തുടക്കം

**കൊച്ചി:** മണപ്പുറം ഫിനാൻസ് കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പദ്ധതിയുടെ ഭാഗമായി മണപ്പുറം ഫൗണ്ടേഷൻ രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന ഡിജിറ്റൽ ഡിമെൻഷ്യ ബോധവൽക്കരണ പരിപാടിക്ക് ഐടി തലസ്ഥാനമായ ബെംഗളൂരുവിൽ തുടക്കമായി. കർണാടക ബയോ എനർജി ഡെവലപ്മെന്റ് ബോർഡ് ചെയർമാൻ എസ്.ഇ സുധീന്ദ്ര ഉദ്ഘാടനം ചെയ്തു. ഇത്തരം പരിപാടികൾ കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് എസ്.ഇ സുധീന്ദ്ര പറഞ്ഞു. അർത്ഥവത്തായ വിഷയങ്ങൾ ഏറ്റെടുത്ത് ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നതിന് മണപ്പുറം ഫിനാൻസിന് കർണാടക സർക്കാരിന്റെ പൂർണ്ണ പിന്തുണ അദ്ദേഹം ഉറപ്പുനൽകി. സ്കൂൾ പാഠ്യപദ്ധതിയിൽ ഡിജിറ്റൽ ഡിമെൻഷ്യ ഉൾപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത കർണാടക മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ഡോ. വൈഷ്ണവി വ്യക്തമാക്കി. മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി.പി. നന്ദകുമാറുമായി ആശയവിനിമയ ചർച്ചയും ചടങ്ങിൽ നടന്നു. സാങ്കേതിക വിദ്യയുടെ വളർച്ച വ്യക്തികളുടെയും സമൂഹത്തിന്റെയും ശീലങ്ങളിലുണ്ടാക്കുന്ന മാറ്റങ്ങൾ വളരെ വലുതാണെന്നും ഇതിനെ അഭിമുഖീകരിക്കാൻ കൂട്ടായ ശ്രമങ്ങൾ ആവശ്യമാണെന്നും വി.പി. നന്ദകുമാർ ചൂണ്ടിക്കാട്ടി. ബംഗളൂരുവിലെ നിംഹാൻസിലെ ക്ലിനിക്കൽ സൈക്കോളജി പ്രൊഫസറും ഇന്ത്യയുടെ ഡീഅഡിക്ഷൻ ടെക് സംരംഭമായ ഷട്ട് ക്ലിനിക്കിന്റെ തുടക്കക്കാരനുമായ ഡോ. മനോജ് കുമാർ ശർമ്മ മുഖ്യ പ്രഭാഷണം നടത്തി. മണപ്പുറം ഫിനാൻസ് ലിമിറ്റഡിന്റെ കോപ്രൊമോട്ടർ സുഷമ നന്ദകുമാർ, ജനറൽ മാനേജരും ചീഫ് പിആർഒയുമായ സനോജ് ഹെർബർട്ട്, കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ മേധാവി രാഹുൽ വിനായക് വാഡ്കെ, സീനിയർ പിആർഒ കെ.എം. അഷറഫ് മണപ്പുറം ഫൗണ്ടേഷന്റെ സിഇഒ ജോർജ്ജ് ഡി ദാസ് തുടങ്ങിയവർ സംസാരിച്ചു.

# ’പവൻ സ്വാക്ക് 2025 2.0 ’ ഓൾ കേരള എക്സ്പോ തുടങ്ങി



അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ ഓഫ് കേരളയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ’പവൻ സ്വാക്ക് 2025 2.0’ ഓൾ കേരള എക്സ്പോയുടെ ഉദ്ഘാടനം ബെന്നി ബഹനാൻ എം.പി നിർവ്വഹിക്കുന്നു. ബിനു മഞ്ഞളി, ജോസഫ് പൈകട, കെ. എ സിയാവുദ്ദീൻ, സുബൈർ പഴങ്ങാടി ,ഡോ.ഹിതേഷ് ബട്ട്, രാജു അപ്സര, ശോഭന ജോർജ്, ജോർഫിൻ പേട്ട, റോജി എം.ജോൺ എം.എൽ.എ, സാജു മൂലൻ, എ.എൻ മോഹൻ, കിരൺ എസ് പാലക്കൽ എന്നിവർ സമീപം.

**കൊച്ചി :** ജിഎസ്ടി കുറച്ചതിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് കണ്ടെത്താൻ പഠനം നടത്തണമെന്നും ഇതിനായി സർക്കാർ ഇടപെടണമെന്നും ബെന്നി ബഹനാൻ എം. പി. അങ്കമാലി അഡ്‌ലക്സ് കൺവെൻഷൻ സെന്ററിൽ സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസിയേഷൻ ഓഫ് കേരള (സ്വാക്ക്) യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പവൻ സ്വാക്ക് 2025 2.0 ഓൾ കേരള എക്സ്പോ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്രസർക്കാർ ജി.എസ്.ടി കുറച്ചപ്പോൾ പല കമ്പനികളും അവരുടെ ഉൽപ്പന്നങ്ങൾക്ക് വില കൂട്ടിയ സ്ഥിതിയാണുള്ളത്. ഫലത്തിൽ ജി.എസ്.ടി താരിഫ് കുറച്ചതിന്റെ ആനുകൂല്യം ജനങ്ങൾക്ക് കിട്ടുന്നില്ലന്നു മാത്രമല്ല ആഗോള കുത്തക കമ്പനികൾ വില കൂട്ടി കൂടുതൽ ലാഭം എടുക്കുകയാണ്. ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇതിനെതിരെ വ്യാപാര സംഘടനകൾ സർക്കാരിന് പരാതി നൽകണം. അടുത്ത പാർലമെന്റ് സമ്മേളനത്തിൽ വിഷയം ലോക് സഭയിൽ ഉന്നയിക്കുമെന്നും ബെന്നി ബഹനാൻ എം.പി പറഞ്ഞു. സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പേട്ട അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ. എ സിയാവുദ്ദീൻ മുഖ്യപ്രഭാഷണം നടത്തി. റോജി എം. ജോൺ എം.എൽ.എ, ഔഷധി ചെയർ പേഴ്സൺ ശോഭന ജോർജ്, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര, തമിഴ്നാട് വണികർ സംഘങ്ങളിൻ പേരമയ്പ്പ് സംസ്ഥാന പ്രസിഡന്റ് എ.എം വിക്രമരാജ, കോൺഫഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ് സൗത്ത് സോൺ കോർഡിനേറ്റർ എം.എം നിജാബുദ്ദീൻ, റിട്ടെയ്‌ലേഴ്സ് അസ്സോസിയേഷൻ ഓഫ് ഇന്ത്യ ഡയറക്ടർ ഡോ. ഹിതേഷ് ബട്ട്, ഓൾ കേരള ഡിസ്ട്രിബ്യൂട്ടേഴ്സ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി ബിനു മഞ്ഞളി, ബേക്കേഴ്സ് അസ്സോസിയേഷൻ ഓഫ് കേരള പ്രസിഡന്റ് കിരൺ എസ് പാലക്കൽ, സെക്രട്ടറി മുഹമ്മദ് ഫൗസർ, ഓൾ കേരള കെമിസ്റ്റ് ആന്റ് ഡ്രഗിസ്റ്റ് അസ്സോസിയേഷൻ പ്രസിഡന്റ് എ.എൻ മോഹൻ, ബംഗലുരു മർച്ചന്റ് അസ്സോസിയേഷൻ സെക്രട്ടറി പി.വി.അഷറഫ്, കെ.എസ്.എസ്.ഐ.എ പ്രസിഡന്റ് ജോസഫ് പൈകട, എക്സ്പോ ചെയർമാൻ സാജു മൂലൻ, സംസ്ഥാന ട്രഷറർ കെ.എം ഹനീഫ, പവൻ നല്ലെണ്ണ മാനേജിംഗ് ഡയറക്ടർ സുബൈർ പഴങ്ങാടി തുടങ്ങിയവർ പ്രസംഗിച്ചു. പ്രദേശികമായ ഉൽപ്പന്നങ്ങൾ കൂടുതൽ പ്രോൽസാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന എക്സ്പോ നാളെ സമാപിക്കും.

# ഫ്ളെക്സി ക്യാപ് ഇടിഎഫ് അവതരിപ്പിച്ച് ഡിഎസ്പി മ്യൂച്വൽ ഫണ്ട്

**കൊച്ചി:** വിപണിയിൽ മികച്ച പ്രകടനം നടത്തുന്ന കമ്പനികളുടെ ഓഹരികളിൽ ദീർഘകാലത്തേക്ക് നിക്ഷേപം നടത്താൻ അവസരമൊരുക്കി രാജ്യത്തെ മുൻനിര അസറ്റ് മാനേജ്മന്റ് കമ്പനിയായ ഡിഎസ്പി മ്യൂചൽ ഫണ്ട്. ഫണ്ടിൽ ഒക്ടോബർ 6 വരെ നിക്ഷേപം നടത്താം. വലിയ കമ്പനികൾക്കു പുറമെ ചെറുകിട, ഇടത്തരം കമ്പനികളുടെ ഓഹരികൾ ഇഷ്ടാനുസരണം തെരഞ്ഞെടുത്ത് നിക്ഷേപം നടത്താമെന്നാണ് ഫണ്ടിന്റെ പ്രത്യേകതയെന്ന് ഡിഎസ്പി മുചൽ ഫണ്ടിന്റെ ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊഡക്ട്സ് വിഭാഗം തലവൻ അനിൽ ഗെലാനി പറഞ്ഞു. വിപണിയിലെ സാഹചര്യങ്ങൾക്കനുസരിച്ച് ഓട്ടോമാറ്റിക് ആയി നിക്ഷേപങ്ങൾ പുനക്രമീകരിക്കാനുള്ള സംവിധാനവും ഡിഎസ്പി നിഫ്റ്റി 500 ഫ്ലെക്സി ക്യാപ് ക്വാളിറ്റി 30 ഇടിഎഫിൽ ലഭ്യമാണ്. രാജ്യത്ത് ആദ്യമായാണ് ഇത്തരമൊരു ഫ്ളെക്സി ക്യാപ് എക്സ്ചേഞ്ച് ട്രേഡ് ഫണ്ട് വിപണിയിൽ അവതരിപ്പിക്കുന്നതെന്നും അനിൽ ഗെലാനി പറഞ്ഞു.

# വീവർക്ക് ഇന്ത്യ മാനേജ്മെന്റ് ലിമിറ്റഡ് ഐപിഒ

**കൊച്ചി:** വീവർക്ക് ഇന്ത്യ മാനേജ്മെന്റ് ലിമിറ്റഡിന്റെ ഐപിഒ 2025 ഒക്ടോബർ ഏഴ് വരെ നടക്കും. പ്രമോട്ടറുടെയും നിലവിലുള്ള നിക്ഷേപകരുടെയും 46,296,296 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പത്ത് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 615 രൂപ മുതൽ 648 രൂപവരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 23 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 23 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, ജെഫറീസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, 360 വൺ ഡബ്ല്യുഎഎം ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഇൻഡോ എംഐഎം ലിമിറ്റഡ് ഐപിഒയ്ക്ക്

**മുംബൈ:** ലോകത്തിലെ ഏറ്റവും വലിയ പ്രിസിഷൻ എഞ്ചിനീയറിംഗ് ഘടക നിർമാതാക്കളായ ഇൻഡോ എംഐഎം ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. മെറ്റൽ ഇഞ്ചക്ഷൻ മോൾഡിംഗ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നിർമാണം നടത്തുന്ന കമ്പനി 1000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരിഉടമകളുടെ 12.97 കോടി ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 200 കോടി രൂപ വരെ സമാഹരിക്കുന്ന ഒരു പ്രീ ഐപിഒ പ്ലേസ്മെൻറും കമ്പനിയുടെ പരിഗണനയിലുണ്ട്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. എച്ച്ഡിഎഫ്സി ബാങ്ക് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# കുഞ്ഞൻ പവർ ഹൗസും ഇടുക്കി പദ്ധതിയും വരുന്നു

**മൂലമറ്റം:** വൈദ്യുതി ബോർഡിന്റെ സ്ഥലത്തു ടൂറിസം വികസനം ലക്ഷ്യമിട്ട് പവർഹൗസിന്റെയും ഇടുക്കി പദ്ധതിയുടെയും മിനിയേച്ചർ സ്ഥാപിക്കാൻ പദ്ധതി. പദ്ധതി സംബന്ധിച്ച് വൈദ്യുതി ബോർഡ് അധികൃതർ ഹൈഡൽ ടൂറിസം അധികൃതരുമായി ചർച്ച നടത്തിയിരുന്നു. ഹൈഡൽ ടൂറിസം സർവേ ടീം ഭൂമി അളന്ന് വൈദ്യുതി ബോർഡ് അധികൃതർക്ക് ഇതു സംബന്ധിച്ചുള്ള വിശദാംശം കൈമാറിയിട്ടുണ്ട്. ഇടുക്കി ഡാം, പവർഹൗസ് എന്നിവയുടെ മിനിയേച്ചർ രൂപകല്പന ചെയ്യുന്നതാണ് പദ്ധതി. ഇതോടനുബന്ധിച്ചു പാർക്കും വിഭാവനം ചെയ്യുന്നുണ്ട്. പവർഹൗസ് നേരിട്ടു കാണാൻ സന്ദർശകർക്കു നിരോധനം ഉള്ള സാഹചര്യത്തിലാണ് മോഡൽ ഒരുക്കുന്നത്. ഇതിന്റെ മോഡൽ നിർമിച്ചു പവർഹൗസിന്റെ പ്രവർത്തനം പൊതുജനങ്ങൾക്കു കാണാനും വിദ്യാർഥികൾ ഉൾപ്പെടെയുള്ളവർക്കു പഠനനിരീക്ഷണങ്ങൾക്കു പ്രയോജനപ്പെടുത്താനുമാണ് ലക്ഷ്യമിടുന്നത്. ആലോചനാ യോഗത്തിൽ പദ്ധതി സംബന്ധിച്ച അന്തിമ തീരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷ. ഇതിനു പുറമെ ജില്ലാട്രഷറി, രജിസ്ട്രാർ ഓഫീസ് എന്നിവയ്ക്ക് ആവശ്യമായ ഭൂമി കണ്ടെത്താനുള്ള നിർദേശങ്ങളും യോഗത്തിൽ ചർച്ചയാകും. മിനിയേച്ചർ യാഥാർഥ്യമായാൽ പവർഹൗസ് കനാൽ, ത്രിവേണി സംഗമം, മലങ്കര ജലാശയ മേഖല എന്നിവ ഉൾപ്പെടുത്തി ടൂറിസം വികസനത്തിനു വലിയ സാധ്യതയുണ്ടാകുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. കാഞ്ഞാറിൽ മലങ്കര ജലാശയത്തിൻറെ സൗന്ദര്യം നുകർന്നു സഞ്ചാരികൾക്കു ഫോട്ടോ ഷൂട്ടിനുള്ള സൗകര്യം ഒരുക്കാനും ആലോചനയുണ്ട്. മൂലമറ്റം കോട്ടമല റോഡ് പൂർത്തിയാകുന്നതോടെ കൂടുതൽ യാത്രക്കാരും സഞ്ചാരികളും ഇവിടേക്ക് എത്തുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. എകെജി കോൺക്രീറ്റ് പാലത്തിന്റെ നിർമാണംകൂടി പൂർത്തിയായാൽ ഇലവീഴാപൂഞ്ചിറ, വാഗമൺ എന്നിവയെ ബന്ധിപ്പിച്ചുള്ള ടൂറിസത്തിനും പുതിയ മാനം കൈവരും.




# ആസ്റ്റർ മിംസ് കാസർഗോഡ് പ്രവർത്തനം ആരംഭിച്ചു

**കാസർഗോഡ്:** രാജ്യത്തെ മുൻനിര ആരോഗ്യ സേവനദാതാക്കളായ ആസ്റ്റർ ഡി.എം. ഹെൽത്ത്കെയറിന്റെ കേരളത്തിലെ എട്ടാമത്തെ ആശുപത്രി കാസർഗോഡ് പ്രവർത്തനം ആരംഭിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ, അത്യാധുനിക സൗകര്യങ്ങളോട് കൂടിയ 'ആസ്റ്റർ മിംസ് കാസർഗോഡ്' പൊതുജനങ്ങൾക്കായി സമർപ്പിച്ചു. ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പന്റെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ കർണാടക ആരോഗ്യകുടുംബക്ഷേമ മന്ത്രി ദിനേശ് ഗുണ്ടു റാവു മുഖ്യാതിഥിയായിരുന്നു. 190 കോടി രൂപ മുതൽമുടക്കിൽ നിർമ്മിച്ച, 264 കിടക്കകളുള്ള ആശുപത്രി, വടക്കൻ കേരളത്തിന്റെ ആരോഗ്യമേഖലയിൽ, വലിയ മുന്നേറ്റങ്ങൾക്ക് തുടക്കം കുറിക്കുന്ന സ്ഥാപനമായാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2.1 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ, 31 മെഡിക്കൽ സ്പെഷ്യാലിറ്റികളുള്ള, ഈ ആശുപത്രി, കാസർഗോഡും, സമീപ പ്രദേശങ്ങളിലുമുള്ള ആളുകൾക്ക്, ഏറ്റവും മികച്ചതും, പ്രാപ്യവുമായ ചികിത്സ ലഭ്യമാക്കണമെന്ന ലക്ഷ്യത്തിലാണ് പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്. കൂടാതെ 600ൽ അധികം പുതിയ തൊഴിലവസരങ്ങളാണ്, ആസ്റ്റർ മിംസ് കാസർഗോഡ് തുറന്നിട്ടിരിക്കുന്നത്. ആഗോളനിലവാരത്തിലുള്ള ചികിത്സവൈദഗ്ധ്യവും, പരിചയസമ്പന്നതയും കൈമുതലായിട്ടുള്ള, അറുപതിലധികം ഡോക്ടർമാരുടെ സംഘത്തെയാണ് പുതിയ ആശുപത്രിയിൽ സജ്ജമാക്കിയിരിക്കുന്നത്.

ഉന്നത നിലവാരത്തിലുള്ള ചികിത്സ, എല്ലാ തരം മനുഷ്യർക്കും, ഒരുപോലെ ലഭ്യമാക്കുക എന്നതാണ്, ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ എക്കാലത്തും മുന്നോട്ട് വയ്ക്കുന്ന ദർശനമെന്ന്, ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു. കേരളത്തിലെ എട്ടാമത്തെ ആശുപത്രിയായ ആസ്റ്റർ മിംസ് കാസർഗോഡ് ഒരു പ്രധാന നാഴികക്കല്ലാണ്. വടക്കൻ കേരളത്തിലെ ജനങ്ങൾക്ക്, അത്യാധുനിക സൗകര്യങ്ങളോടു കൂടിയ, ആരോഗ്യ സേവനങ്ങൾ, കൂടുതൽ അടുത്തെത്തിയിരിക്കുകയാണ്. കാസർഗോട്ടെ ജനങ്ങളോടുള്ള ഞങ്ങളുടെ പ്രതിബദ്ധതയുടെ അടയാളമാണ് പുതിയ ആശുപത്രി. അത്യാധുനിക സൗകര്യങ്ങൾ, വിദഗ്ധരായ ഡോക്ടർമാർ, അനുഭാവപൂർണമുള്ള പരിചരണം എല്ലാം സമർപ്പിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

1.5 ടി എംആർഐ, 160 സ്ലൈസ് സിടി സാങ്കേതികവിദ്യ എന്നിവ ലഭ്യമാക്കുന്ന ജില്ലയിലെ ആദ്യ കേന്ദ്രമെന്ന നിലയിൽ, പുതിയ ആശുപത്രി, മികച്ച രോഗനിർണ്ണയ കേന്ദ്രം കൂടിയായി മാറിയിരിക്കുകയാണ്. കൂടാതെ, ഹൃദയ, രക്തക്കുഴൽ ശസ്ത്രക്രിയകൾക്കും, ഗുരുതരമായ ഹൃദയ ശ്വാസകോശ സംബന്ധമായ തകരാറുകൾക്കുള്ള, എക്മോ, ഇസിഎൽഎസ് ചികിത്സയ്ക്കും വിപുലമായ സൗകര്യങ്ങളുണ്ട്. ഹെമഡ്സോർപ്ഷൻ, (പാമ്പുകടിക്ക് പ്രത്യേക പരിചരണം നൽകുന്നത് ഉൾപ്പടെ) ഗുരുതരവും അടിയന്തരവുമായ പ്രത്യേക ചികിത്സകളും ലഭ്യമാണ്. ആശുപത്രിയിലെ അത്യാഹിത വിഭാഗം ഏത് പ്രതിസന്ധി ഘട്ടത്തിലും ഉടനടിയുള്ള ഇടപെടലുകൾക്കായി സജ്ജമാണ്. ട്രോമ, ഹൃദയം, സ്ട്രോക്ക്, കുട്ടികളുടെ അടിയന്തര സാഹചര്യങ്ങൾ എന്നിവയ്ക്ക് വിശ്വസനീയമായ പരിചരണം ഉറപ്പാക്കുന്നുമുണ്ട്. ഇരുപത്തിനാല് മണിക്കൂറും ആംബുലൻസ് സൗകര്യവും, 20 കിടക്കകളുമുള്ള അത്യാഹിത വിഭാഗം അടിയന്തര രോഗനിർണയവും ആദ്യഘട്ട ചികിത്സയും ഉറപ്പാക്കും.44 തീവ്രപരിചരണ വിഭാഗം കിടക്കകളും, നവജാതശിശുക്കൾക്കായുള്ള 16 എൻഐസിയു കിടക്കകളും 7 പ്രധാന ഓപ്പറേഷൻ തിയേറ്ററുകളും 2 മൈനർ ഓപ്പറേഷൻ തിയേറ്ററുകളും ഇവിടെ ഒരുക്കിയിട്ടുണ്ട്. കൂടാതെ, കീമോതെറാപ്പി ആവശ്യമുള്ള രോഗികൾക്കായി 7 കിടക്കകളും, ഡയാലിസിസ് ആവശ്യമുള്ളവർക്കായി 15 കിടക്കകളും ഇവിടെയുണ്ടാകും. മികച്ച വൈദ്യസഹായത്തിന് പുറമെ, രോഗികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും ഏറ്റവും മികച്ച അന്തരീക്ഷത്തിൽ ചികിത്സ ലഭ്യമാക്കാൻ വേണ്ട എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. കാസർഗോഡ് എം.പി. രാജ്മോഹൻ ഉണ്ണിത്താൻ, എം.എൽ.എ.മാരായ എൻ.എ. നെല്ലിക്കുന്ന്, എ.കെ.എം. അഷ്റഫ്, ഇ. ചന്ദ്രശേഖരൻ, സി.എച്ച്. കുഞ്ഞമ്പു, എം. രാജഗോപാൽ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ, ചെങ്കള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഖാദർ ബദരിയ തുടങ്ങിയവരും ചടങ്ങിൽ സന്നിഹിതരായിരുന്നു. ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ ഡയറക്ടർ അനൂപ് മൂപ്പൻ, എക്സിക്യൂട്ടീവ് ഡയറക്ടറും ഗവേർണൻസ് ആൻഡ് കോർപ്പറേറ്റ് അഫയേഴ്സ് ഗ്രൂപ്പ് ഹെഡുമായ ടി. ജെ വിൽസൺ, ആസ്റ്റർ കേരള ക്ലസ്റ്റർ സിഎംഎസ് ഡോ. സൂരജ് കെ.എം, ആസ്റ്റർ മിംസ് കാസർഗോഡ് ആന്റ് കണ്ണൂർ സിഒഒ ഡോ. അനൂപ് നമ്പ്യാർ ഉൾപ്പടെ, ആസ്റ്ററിന്റെ നേതൃരംഗത്തുള്ളവരും പരിപാടിയിൽ പങ്കെടുത്തു.

# ഇന്നർ വീൽ സൗത്ത് സോൺ മീറ്റ് 2025 കൊച്ചിയിൽ

**കൊച്ചി:** ലോകത്തിലെ ഏറ്റവും വലിയ വനിതാ സന്നദ്ധ സംഘടനകളിലൊന്നായ ഇന്നർ വീലിന്റെ സൗത്ത് സോൺ മീറ്റ് 'മെലാഞ്ച് സൗത്ത് സോൺ മീറ്റ് 2025' ഒക്ടോബർ 4, 5 തീയതികളിൽ കൊച്ചിയിലെ 'ലെ മെറിഡിയനിൽ' നടക്കും. ഇന്നർ വീൽ ഡിസ്ട്രിക്റ്റ് 320 ആണ് ഈ പ്രൗഢഗംഭീരമായ പരിപാടിക്ക് ആതിഥേയത്വം വഹിക്കുന്നത്. രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ഈ സമ്മേളനത്തിൽ സൗത്ത് സോണിൽ നിന്നുള്ള (കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, തെലങ്കാന, കർണാടക) 500 ഓളം ഇന്നർ വീൽ പ്രതിനിധികൾ പങ്കെടുക്കും. പൂയം തിരുനാൾ ഗൗരി പാർവ്വതി ബായി തമ്പുരാട്ടിയാണ് ചടങ്ങ് ഉദ്ഘാടനം ചെയ്യുന്നത്. ഐക്യരാഷ്ട്രസഭയിലെ ഇന്ത്യയുടെ മുൻ സ്ഥാനപതിയും സ്ഥിരം പ്രതിനിധിയുമായിരുന്ന ടി.പി. ശ്രീനിവാസൻ മുഖ്യ പ്രഭാഷണം നടത്തും. സ്റ്റാൻഡ്അപ്പ് കൊമേഡിയനായ അനുരാധ മേനോൻ, പിന്നണി ഗായിക വൈക്കം വിജയലക്ഷ്മി എന്നിവരും പങ്കെടുക്കും. ഡോ. വി.പി. ഗംഗാധരൻ, ഡോ. ചിത്രതാര കെ. എന്നിവർ പങ്കെടുക്കുന്ന വിദഗ്ദ്ധ പാനൽ ചർച്ചകളോടുകൂടി ഗർഭാശയ കാൻസർ അവബോധത്തിനും പ്രതിരോധത്തിനുമുള്ള ഒരു പ്രധാന ആരോഗ്യ പദ്ധതി മീറ്റിന്റെ പ്രധാന ആകർഷണങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ മെമ്പേഴ്സിനായുള്ള ലീഡർഷിപ്പിനെക്കുറിച്ചുള്ള പാനൽ ചർച്ചകൾ, അവതരണങ്ങൾ, സാംസ്കാരിക സായാഹ്നങ്ങൾ, ഇന്നർ വീൽ മത്സരങ്ങൾ നടക്കും. ഇന്നർവീൽ ഡിസ്ട്രിക്റ്റ് ചെയർമാൻ സീമ കൃഷ്ണൻ, പ്രോഗ്രാം ചെയർമാൻ ഡോ. മിനി വർമ്മ, സെക്രട്ടറി ഇന്ദു അമൃത് രാജ്, ട്രഷറർ വന്ദന ദീപേഷ് എന്നിവരാണ് ഈ പരിപാടിക്ക് നേതൃത്വം നൽകുന്നത്.

## ലേസർ പവർ ആൻഡ് ഇൻഫ്രാ ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** വൈദ്യുതി പ്രസരണ, വിതരണ മേഖലയ്ക്കുള്ള കേബിളുകൾ, കണ്ടക്ടറുകൾ, പ്രത്യേക ഉൽപ്പന്നങ്ങൾ, ഘടകങ്ങൾ എന്നിവയുടെ സംയോജിത നിർമ്മാതാക്കളായ ലേസർ പവർ ആൻഡ് ഇൻഫ്രാ ലിമിറ്റഡ് (എൽപിഐഎൽ) പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. കൊൽക്കത്ത ആസ്ഥാനമായുള്ള കമ്പനി ഐപിഒയിലൂടെ 1200 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. 800 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 400 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഐഐഎഫ്എൽ ക്യാപിറ്റൽ സർവീസസ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## സെപ്റ്റംബറിൽ 9.3% വളർച്ച രേഖപ്പെടുത്തി നിസാൻ

**കൊച്ചി:** നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് 2025 സെപ്റ്റംബറിൽ മൊത്തം 10,500 വാഹനങ്ങളുടെ വിൽപ്പന രേഖപ്പെടുത്തി, കഴിഞ്ഞ വർഷം ഇതേസമയത്തേക്കാൾ 9.3% വാർഷിക വളർച്ച രേഖപ്പെടുത്തി. 2024 സെപ്റ്റംബറിൽ മൊത്തം 9,629 വാഹനങ്ങളാണ് വിറ്റിരുന്നത്. ആഭ്യന്തര മൊത്ത വിൽപ്പന 1,652 യൂണിറ്റ് രേഖപ്പെടുത്തിയപ്പോൾ കയറ്റുമതി 8,872 യൂണിറ്റിലെത്തി. ഇതിൽ ദക്ഷിണേഷ്യൻ വിപണിയിൽ മാത്രം റെക്കോർഡ് 1,120 യൂണിറ്റുകളാണ് വിറ്റത്. ഇത് ഈ മേഖലയിലെ നിസാന്റെ എക്കാലത്തെയും ഉയർന്ന പ്രതിമാസ വിൽപ്പനയാണ്. ഇന്ത്യാ ഗവൺമെന്റ് ജിഎസ്ടി ഇളവുകളും പുതിയ മാഗ്നൈറ്റിന്റെ വിലയിൽ ഒരു ലക്ഷം രൂപ വരെ കുറവ് വന്നതും നിസ്സാന്റെ മികച്ച പ്രകടനത്തിന് സഹായകമായി. അതോടൊപ്പം നവരാത്രി ഉത്സവ സീസണിനോടനുബന്ധിച്ച് പ്രഖ്യാപിച്ച മറ്റ് അനുകൂല്യങ്ങളും വിൽപ്പനയിൽ കുതിച്ചുചാട്ടത്തിന് കാരണമായി. സെപ്റ്റംബർ നിസാൻ മോട്ടോർ ഇന്ത്യയ്ക്ക് ആവേശകരമായ ഒരു മാസമായിരുന്നു.നിസാൻ അതിന്റെ ഡീലർഷിപ്പ് ശൃംഖല വിപുലീകരിയ്ക്കാനും പുതിയ 7സീറ്റർ ബിഎംപിവി , 5സീറ്റർ സിഎസ് യു വി , 7സീറ്റർ സി എസ് യു വി എന്നിവയുൾപ്പെടെ ഉൽപ്പന്ന പോർട്ട്ഫോളിയോ വികസിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുകയാണെന്നും നിസാൻ മോട്ടോർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.

## ആർവി എഞ്ചിനീയറിംഗ് കൺസൾട്ടന്റ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി വിവിധ മേഖലകളിലും വിഷയങ്ങളിലും വൈദഗ്ധ്യമുള്ള ഇൻഫ്രാസ്ട്രക്ചർ കൺസൾട്ടൻസി കമ്പനിയായ ആർവി എൻജിനീയറിംഗ് കൺസൾട്ടന്റ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് പ്രാഥമിക രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഹൈദരാബാദ് ആസ്ഥാനമായുള്ള കമ്പനി 202.5 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 67,50,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സെൻട്രം ക്യാപ്പിറ്റൽ ലിമിറ്റഡ്, ആംബിറ്റ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## ഏകദിന ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവ് ഒക്ടോബർ ഏഴിന്

**കൊച്ചി:** കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന് കീഴിൽ തിരുവനന്തപുരത്തുള്ള പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സ് വിദേശ റിക്രൂട്ട്മെന്റ് സംബന്ധിച്ച ഏകദിന ഗ്ലോബൽ മൊബിലിറ്റി കോൺക്ലേവ് സംഘടിപ്പിക്കുന്നു. ഒക്ടോബർ ഏഴിന് രാവിലെ 10:30 ന് തമ്പാനൂരിലെ ഹൈസിന്ത് ഹോട്ടലിൽ നടക്കുന്ന പരിപാടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര വിദേശകാര്യ മന്ത്രാലയ സെക്രട്ടറി അരുൺ കുമാർ ചാറ്റർജി സംസാരിക്കും. നൂതനാശയം, സുരക്ഷ, സഹകരണം എന്നിവയിലൂടെ വിദേശ റിക്രൂട്ട്മെന്റ് പരിവർത്തനം ചെയ്യാൻ ലക്ഷ്യമിട്ടുള്ളതാണ് കോൺക്ലേവ്. കേരള ഗവൺമെന്റിന്റെ നോൺ റസിഡന്റ് കേരളൈറ്റ്സ് അഫയേഴ്സ് ഡിപ്പാർട്ട്മെന്റുമായി ചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്. അഞ്ച് സെഷനുകളിലായി പുതിയ കുടിയേറ്റ രംഗങ്ങളിലെ ആവശ്യകത മനസ്സിലാക്കൽ, കേരളത്തിൽ നിന്നുള്ള കുടിയേറ്റക്കാരുടെ നൈപുണ്യ വികസനം നൈപുണ്യമുള്ളതും ഭാവിക്ക് അനുയോജ്യമായതുമായ പ്രതിഭാ അടിത്തറ കെട്ടിപ്പടുക്കൽ, ന്യായവും സുതാര്യവുമായ കുടിയേറ്റത്തിലേക്കുള്ള വഴികൾ എന്നിങ്ങനെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യും. വിദേശകാര്യ മന്ത്രാലയം ജോയിന്റ് സെക്രട്ടറിമാരായ ജ്രിന ഉയിക, സുരീന്ദർ ഭഗത്, ഫോറിനേഴ്സ് റീജിയണൽ രജിസ്ട്രേഷൻ ഓഫീസർ അരവിന്ദ് മേനോൻ, പ്രോട്ടക്ടർ ഓഫ് എമിഗ്രന്റ്സ് മേജർ. ശശാങ്ക് ത്രിപാഠി, റീജിയണൽ പാസ്പോർട്ട് ഓഫീസർ ജീവ മരിയ ജോയ്, ലോക കേരള സഭ സെക്രട്ടേറിയറ്റ് ഡയറക്ടർ ആസിഫ് കെ. യൂസഫ് ,കെഡിഐഎസ്സി മെമ്പർ സെക്രട്ടറി പി.വി, ഉണ്ണികൃഷ്ണൻ, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കൊളശ്ശേരി, നോർക്ക റൂട്ട്സ് റസിഡന്റ് വൈസ്ചെയർമാൻ പി.ശ്രീരാമകൃഷ്ണൻ, നോർക്ക വകുപ്പ് സെക്രട്ടറി ടി.വി അനുപമ തുടങ്ങിയവർ പങ്കെടുക്കും.



# വി ബിസിനസിന്റെ ഇന്റർനെറ്റ് ഓഫ് തിങ്ക്സ് ഇന്നൊവേഷൻ ലാബ്

**കൊച്ചി:** മുൻനിര ടെലികോം സേവന ദാതാക്കളായ വിയുടെ സംരംഭകത്വ വിഭാഗമായ വി ബിസിനസ് ആമസോൺ വെബ് സർവീസസ്, സെന്റർ ഫോർ ടെലിമാറ്റിക്സ്, (സി ഡോട്ട്) എന്നിവയുമായി ചേർന്ന് വി ബിസിനസ് ഐഒടി ഇന്നൊവേഷൻ ലാബ് അവതരിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ഐഒടിയുമായി ബന്ധപ്പെട്ട പുതുമകൾ കണ്ടെത്താനും സഹകരിച്ചു ബിസിനസുകൾ സൃഷ്ടിക്കാനുമുള്ള അവസരമാണിതിലൂടെ ലഭിക്കുക. നിർമിത ബുദ്ധിയും 5 ജിയും സംരംഭകത്വ രംഗത്തെ പുതു തരംഗത്തിനു വഴി തുറക്കുന്ന സാഹചര്യത്തിലാണ് ഈ നീക്കമെന്നത് ശ്രദ്ധേയമാണ്. സ്റ്റാർട്ട് അപ്പുകൾ, ഡിവൈസ് നിർമാതാക്കൾ, സംരംഭങ്ങൾ എന്നിവർക്ക് രൂപകൽപ്പനകൾ നടത്താനും പരീക്ഷിക്കാനും ബാങ്കിങ് ധനകാര്യ സ്ഥാപനങ്ങൾ, ഐടി അധിഷ്ഠിത സേവനങ്ങൾ എന്നിവയ്ക്ക് അനുസൃതമായ രീതിയിൽ ഇവ വളർത്തിയെടുക്കാനും ലാബ് സഹായകമാകും. സ്റ്റാർട്ട് അപ്പുകൾക്കും സംരംഭങ്ങൾക്കും ഭാവിയിലേക്ക് ഉതകുന്ന സേവനങ്ങൾ അവതരിപ്പിക്കാൻ ഇതു വഴിയൊരുക്കുമെന്ന് വോഡഫോൺ ഇന്ത്യ ചീഫ് എന്റർപ്രൈസ് ബിസിനസ് ഓഫീസർ അരവിന്ദ് നെവാട്ടിയ പറഞ്ഞു. ഇന്ത്യയുടെ ഐഒടി രംഗത്തെ മാറ്റിമറിക്കാനും പുതുമകൾക്കായുള്ള അവസരങ്ങൾ ഒരുക്കാനുമാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. ഈ സഹകരണം വഴി ആമസോൺ വെബ് സർവ്വീസസിന്റെ ക്ലൗഡ്, നിർമിത ബുദ്ധി ശേഷികൾ വിയുടെ കണക്ടിവിറ്റിയുമായി ചേർത്ത് ബിസിനസുകൾക്കും സ്റ്റാർട്ട് അപ്പുകൾക്കും പുതുതലമുറ സേവനങ്ങൾ ലഭ്യമാക്കാൻ അവസരം നൽകുമെന്ന് എഡബ്ല്യുഎസ് ഇന്ത്യ സൗത്ത് ഏഷ്യ ബിസിനസ് ഡവലപ്മെന്റ് മേധാവി വി ജി സുന്ദർ റാം പറഞ്ഞു. ഇന്ത്യയുടെ ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ ശക്തമാക്കാനാണ് സി ഡോട്ട് ശ്രമിക്കുന്നതെന്ന് സി ഡോട്ട് സിഇഒ ഡോ. രാജ്കുമാർ ഉപോധ്യായ് പറഞ്ഞു.

# ഏവിയാറെപ്സ് മാൽദീവിയൻ ദക്ഷിണേന്ത്യൻ ജിഎസ്എ



**കൊച്ചി:** മാലിദ്വീപിന്റെ ദേശീയ വിമാനക്കമ്പനി മാൽദീവിയൻ ദക്ഷിണേന്ത്യയുടെ ഔദ്യോഗിക ജനറൽ സെയിൽസ് ഏജന്റായി (ജിഎസ്എ) ഏവിയാറെപ്സ് ഇന്ത്യയെ നിയമിച്ചു. ഇന്ത്യൻ വിപണിയുമായുള്ള ബന്ധം ശക്തമാക്കുന്നതിന്റെയും മാലിദ്വീപിലേക്കുള്ള പ്രധാന കവാടമായി പ്രവർത്തിക്കുന്ന മേഖലയിൽ വ്യാപാര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായാണ് പുതിയ നടപടി. 2025 ആഗസ്റ്റ് വരെയുള്ള കണക്കുകൾ പ്രകാരം 85,306 ഇന്ത്യൻ വിനോദസഞ്ചാരികൾ മാലിദ്വീപ് സന്ദർശിച്ചു. പ്രതിവർഷം യാത്രക്കാരുടെ എണ്ണത്തിൽ 4.7 ശതമാനത്തിന്റെ വർദ്ധനവാണുണ്ടായിരിക്കുന്നത്. മാലിദ്വീപിന്റെ വിനോദസ!ഞ്ചാര മേഖലയിൽ 5.7 ശതമാനം സംഭാവന നൽകി ആറാം സ്ഥാനത്തുള്ള ഇന്ത്യ അതിന്റെ തന്ത്രപരമായ പ്രാധാന്യം വീണ്ടും ഉറപ്പിക്കുകയാണ്. 2025 ൽ 20 ശതമാനം വളർച്ചയുണ്ടാകുമെന്ന് കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. എയർലൈനിന്റെ 2025 ഷെഡ്യൂൾ അനുസരിച്ച്, കൊച്ചിമാലി (സിഒകെമാലി), തിങ്കൾ, ബുധൻ, വ്യാഴം, ശനി ദിവസങ്ങളിൽ ട്രിവാൻഡ്രംമാലി (ടിആർവിമാലി) തിങ്കൾ, ബുധൻ, വ്യാഴം, ശനി ദിവസങ്ങളിൽ സർവീസുകൾ നടക്കും. ഇന്ത്യയിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണത്തിലെ വർധന ആഹ്ലാദകരമാണെന്ന് മാൽദീവിയൻ മാനേജിംഗ് ഡയറക്ടർ ഇബ്രാഹിം ഇയാസ് പറഞ്ഞു. ഏവിയാറെപ്സിന്റെ പിന്തുണയോടെ വ്യാപാര ബന്ധങ്ങൾ ശക്തമാക്കാനും കൂടുതൽ ഇന്ത്യൻ വിനോദ സഞ്ചാരികളെ മാലിദ്വീപ് സന്ദർശിക്കാൻ അവസരമൊരുക്കാനും ഞങ്ങൾ ആഗ്രഹിക്കുന്നതായും അദ്ദേഹം പറഞ്ഞു. ദക്ഷിണേന്ത്യയിൽ മാലിദ്വീപിന്റെ ജനറൽ സെയിൽസ് ഏജന്റായി പങ്കാളിത്തം സ്ഥാപിക്കുന്നതിൽ അഭിമാനമുണ്ടെന്ന് ഏവിയാറെപ്സ് ഏവിയേഷൻ സിഇഒ മാർസെലോ കൈസർ പറഞ്ഞു.



# ഇൻഫോപാർക്ക് മൂന്നാം ഘട്ട വികസനം; ലാൻഡ് പൂളിംഗ് വഴി എ.ഐ ടൗൺഷിപ്പ് ഒരുങ്ങുന്നു

**കൊച്ചി:** കേരളത്തിന്റെ ഐ.ടി. മേഖലയിൽ പുതിയൊരു അധ്യായം കുറിച്ചുകൊണ്ട് കൊച്ചി ഇൻഫോപാർക്ക് മൂന്നാം ഘട്ട വികസനത്തിന് തുടക്കം കുറിക്കുന്നു. നൂതനമായ ലാൻഡ് പൂളിംഗ് മാതൃകയിലൂടെ എറണാകുളം ജില്ലയിൽ 300 ഏക്കറിലധികം വിസ്തൃതിയിൽ ആഗോള നിലവാരമുള്ള ഇന്റഗ്രേറ്റഡ് എ.ഐ ടൗൺഷിപ്പ് യാഥാർത്ഥ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. കേരള സർക്കാരിന്റെ പുതിയ ലാൻഡ് പൂളിംഗ് നിയമപ്രകാരം നടപ്പാക്കുന്ന ഈ പദ്ധതിക്ക് ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയും (ജി.സി.ഡി.എ.) ഇൻഫോപാർക്കും ഒരുമിച്ചാണ് നേതൃത്വം നൽകുന്നത്. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇൻഫോപാർക്കും ജിസിഡിഎയും ധാരണ പത്രം ഒപ്പിട്ടു. ഇൻഫോപാർക്ക് മൂന്നാം ഘട്ട വികസനത്തിനായി ലാൻഡ് പൂളിംഗിലൂടെ ഭൂമി കണ്ടെത്തേണ്ടത് ജി.സി.ഡി.എയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കേണ്ടത് ഇൻഫോപാർക്കുമാണ്

